പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2351 — 20/12/2012 ൽ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. വി.റ്റി.ബൽറാം:<br>ശ്രീ. വി.ഡി.സതീശൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പോഷക സമൃദ്ധമാക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിക്കാണ്. അതാത് മാസത്തെ മെനു മാസാരംഭത്തിൽതന്നെ നൂൺഫീഡിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. പ്രാദേശിക സാഹചര്യം, ഫണ്ടിന്റെ ലഭ്യത എന്നിവ കണക്കാക്കി വൈവിധ്യമുള്ളതും പോഷകപ്രദവുമായ സമീകൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഓരോ ദിവസത്തേക്കും ക്രമപ്പെടുത്തുന്ന രീതിയിൽ മെനു നിശ്ചയിക്കാനും കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം കുട്ടികൾക്ക് ലഭിക്കേണ്ട കലോറി, പ്രോട്ടീൻ എന്നിവ ലഭിക്കത്തക്ക വിധത്തിലുള്ള ഭക്ഷണ സാധനങ്ങൾ തെരഞ്ഞെടുക്കുന്നതിനു നൂൺഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഇതിനുള്ള ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; | ബി) | നൂൺഫീഡിംഗ് കമ്മിറ്റിക്ക്. |
| സി) | പ്രഭാത ഭക്ഷണവും ലഘു ഭക്ഷണവും കൂടി വിദ്യാർത്ഥികൾക്ക് നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | സി) | ഇക്കാര്യം പരിശോധിച്ച് വരുന്നു. |
| ഡി) | ഇവ കൃത്യമായി മോണിറ്ററിംഗ് നടത്താൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനം സ്വീകരിച്ചിട്ടുണ്ട്; | ഡി) | ഉപജില്ലാതലത്തിൽ പദ്ധതിയുടെ നടത്തിപ്പ് മോണിറ്ററിംഗ് ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ള ഉപജില്ല സ്റ്റിയറിംഗ് ആന്റ് |

മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ പദ്ധതിയുടെ നടത്തിപ്പ് മോണിറ്ററിംഗ് ചെയ്യുന്നതിനു ജില്ലാ കളക്ടർ ചെയർമാനും വിദ്യാഭ്യാസ ഉപഡയറക്ടർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ള റവന്യൂ ജില്ലാതല സ്റ്റിയറിംഗ്-കം-മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗിന്റെ ഭാഗമായി സ്കൂളുകളിൽ സന്ദർശനം നടത്തി നടത്തിപ്പ് പരിശോധിക്കുന്നതിനു ജില്ലാതലത്തിൽ ഒരു നൂൺഫീഡിംഗ് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനു പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും, പൊതു വിദ്യാഭ്യാസ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി സംസ്ഥാന സ്റ്റിയറിംഗ്-കം-മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ